രജി നമ്പർ :

# കേരള സാമൂഹ്യ സുരക്ഷാ മിഷൻ

## സ്നേഹപൂർവ്വം പദ്ധതി

(നിബന്ധനകൾ പൂർണ്ണമായും വായിച്ചശേഷം അപേക്ഷ പൂരിപ്പിക്കുക)

1. വിദ്യാർത്ഥിയുടെ പേര് (മലയാളത്തിൽ) :

ഇംഗ്ലീഷിൽ (വലിയ അക്ഷരത്തിൽ) :

മേൽവിലാസം പിൻകോഡ് സഹിതം :

മൊബൈൽ നമ്പർ :

തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പേരും റവന്യൂ ജില്ലയും :

2. അച്ഛന്റെ പേര് :

ജീവിച്ചിരുപ്പുണ്ട്/മരണപ്പെട്ടു
(ആവശ്യമില്ലാത്തത് വെട്ടികളയുക)

3. അമ്മയുടെ പേര് :

ജീവിച്ചിരുപ്പുണ്ട്/മരണപ്പെട്ടു
(ആവശ്യമില്ലാത്തത് വെട്ടികളയുക)

4. അച്ഛൻ /അമ്മ മരണപ്പെട്ട തീയതി :

5. ഇപ്പോഴത്തെ രക്ഷകർത്താവിന്റെ പേരും മേൽവിലാസവും :

6. വിദ്യാർത്ഥിയുമായുള്ള ബന്ധം :

7. വിദ്യാർത്ഥിയുടെ ജനനതീയതിയും വയസ്സും :

ആൺ/പെൺ (ആവശ്യമില്ലാത്തത് വെട്ടികളയുക)

8.

(എ). പഠിക്കുന്ന സ്കൂളിന്റെ പൂർണ്ണമായ പേര് :

(ബി). സ്കൂളിന്റെ സ്വഭാവം :

(ഗവ/എയ്ഡഡ്/അൺ എയ്ഡഡ്)

(സി). പഠിക്കുന്ന ക്ലാസ്സ് :

(ഡി). സ്കൂൾ ഏത് ജില്ലയിൽപെടുന്നു. :

9. 5 വയസ്സിനു താഴെയുള്ള കുട്ടിയാണെങ്കിൽ ചൈൽഡ് വെൽഫയർ കമ്മിറ്റി ചെയർമാന്റെ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടുണ്ടോ). : ഉണ്ട്/ഇല്ല (ആവശ്യമില്ലാത്തത് വെട്ടികളയുക)

10. കുടുംബത്തിന്റെ വാർഷിക വരുമാനം ബി.പി.എൽ കുടുംബാംഗമാണെങ്കിൽ തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിയുടെ സാക്ഷ്യപത്രവും അല്ലാത്തവർ വില്ലേജ് ആഫീസറിൽ നിന്നുള്ള വരുമാന സർട്ടിഫിക്കറ്റും ഹാജരാക്കേണ്ടതാണ്. :

11. **(എ).** വിദ്യാർത്ഥിയുടെയും രക്ഷകർത്താവിന്റെയും :– പേരിൽ ദേശസാൽകൃതബാങ്കിൽ ആരംഭിച്ചിട്ടുള്ള സേവിംഗ്സ് ബാങ്ക് അക്കൗണ്ട് നമ്പർ (ജോയിന്റ് അക്കൗണ്ട്) (പാസ്സ്ബുക്കിന്റെ ഒന്നാംപേജിന്റെ ഫോട്ടോകോപ്പി ചേർക്കണം)

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | | | | | |

**(ബി).** അക്കൗണ്ട് ആരംഭിച്ചിട്ടുള്ള വ്യക്തികളുടെ പേര് :– (1).
(2).

**(സി).** ബാങ്കിന്റെ പേര് :–

**(ഡി).** ബ്രാഞ്ച് :–

**(ഇ).** ഐ.എഫ്.എസ്.സി നമ്പർ :–

**(എഫ്).** ആധാർ കാർഡ് നമ്പർ :–

വിദ്യാർത്ഥിയുടെ പേര് :

വിരലടയാളം /ഒപ്പ്

## <u>സത്യപ്രസ്താവന</u>

........................................................ എന്ന കുട്ടി പൂർണ്ണമായും എന്റെ സംരക്ഷണയിലാണെന്നും കുട്ടി ഇപ്പോൾ .............................................. ക്ലാസ്സിൽ പഠിക്കുകയാണെന്നും മേൽ പ്രസ്താവിച്ച വിവരങ്ങൾ സത്യമാണെന്നും ഇതിനാൽ സാക്ഷ്യപ്പെടുത്തികൊള്ളുന്നു. കുട്ടി അനാഥാലയത്തിലെയോ മറ്റ് സ്ഥാപനത്തിലെയോ അന്തേവാസിയല്ലെന്നും എന്റെ വീട്ടിൽനിന്നുതന്നെ വിദ്യാഭ്യാസസ്ഥാപനത്തിൽ പോകുന്നതെന്നും സാക്ഷ്യപ്പെടുത്തുന്നു.

ഒപ്പ് :

പേര് :

ബന്ധം :

(അച്ഛൻ/അമ്മ/രക്ഷകർത്താവ്)

## വിദ്യാഭ്യാസ സ്ഥാപനത്തിന്റെ മേലധികാരി നൽകുന്ന സാക്ഷ്യപത്രം

............................................................എന്ന വിദ്യാർത്ഥി ............................................................................ സ്കൂളിൽ ......................... ക്ലാസ്സിൽ പഠിക്കുകയാണ്. ടിയാൻ/ടിയാൾ അനാഥാലയത്തിലെയോ മറ്റ് സ്ഥാപനത്തിലെയോ അന്തേവാസിയല്ലെന്നും സ്നേഹപൂർവ്വം പദ്ധതി പ്രകാരമുള്ള ആനുകൂല്യത്തിന് അർഹതയുണ്ടെന്നും ഈ വിദ്യാഭ്യാസ സ്ഥാപനം സർക്കാർ/ എയ്ഡഡ്/സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനമാണെന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

ഒപ്പ് :

പേര് :

ഹെഡ്മാസ്റ്റർ/ഹെഡ്മിസ്ട്രസ്/പ്രിൻസിപ്പൽ

സ്ഥലം : സ്കൂൾമുദ്ര സ്കൂളിന്റെ പേര്

തീയതി :

## സാക്ഷ്യപത്രം

.......................................... കുട്ടിയുടെ മാതാവ്/പിതാവ് മരണപ്പെട്ടിട്ടുണ്ടെന്നും ടിയാൻ/ടിയാൾ ഇപ്പോൾ .................................... സംരക്ഷണയിലാണെന്നും ടിയാന്റെ/ ടിയാളുടെ വിദ്യാഭ്യാസ ചെലവുകൾ വഹിക്കുന്നതിനു മാതാവായ/പിതാവായ/രക്ഷകർത്താവായ ...................................................... ന് സാമ്പത്തികമായി പരാധീനത അനുഭവിക്കുന്നുവെന്നും സ്നേഹപൂർവ്വം പദ്ധതി പ്രകാരമുള്ള ധനസഹായത്തിന് അർഹനാണെന്നും കുട്ടി അനാഥാലയത്തിലെയോ മറ്റ് സ്ഥാപനത്തിലെയോ അന്തേവാസിയല്ലെന്നും സാക്ഷ്യപ്പെടുത്തുന്നു.

ഒപ്പ് :

പേര് :

സ്ഥാനപേര് :

സ്ഥലം :

തീയതി :

(NB :- സർട്ടിഫിക്കറ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ മേയർ/ചെയർമാൻ/പ്രസിഡന്റ്/ കൗൺസിലർ/ മെമ്പർ/ എം.പി / എം.എൽ.എ എന്നിവരിൽ ആരുടെയെങ്കിലും ആയിരിക്കണം.)

## സാക്ഷ്യപത്രം

(5 വയസ്സിനു താഴെയുള്ള കുട്ടികൾക്ക് മാത്രം)

.................................. കുട്ടിയുടെ മാതാവ്/പിതാവ് മരണപ്പെട്ടിട്ടുണ്ടെന്നും ടിയാൻ/ടിയാൾ ഇപ്പോൾ ................................ സംരക്ഷണയിലാണെന്നും ടിയാനെ വളർത്തി വിദ്യാഭ്യാസം ചെയ്യുന്നതിന് മാതാവായ/പിതാവായ/രക്ഷകർത്താവായ ..................................................... ന് സാമ്പത്തികമായി പരാധീനത അനുഭവിക്കുന്നുവെന്നും സ്നേഹപൂർവ്വം പദ്ധതി പ്രകാരമുള്ള ധനസഹായം ........................................... കുട്ടിക്ക് അനുവദിക്കണമെന്നും ശുപാർശ ചെയ്തുകൊള്ളുന്നു. കുട്ടി അനാഥാലയത്തിലെയോ മറ്റ് സ്ഥാപനത്തിലെയോ അന്തേവാസിയല്ലെന്നും സാക്ഷ്യപ്പെടുത്തുന്നു.

ഒപ്പ് :

പേര് :

ചെയർമാൻ :

ചൈൽഡ്‌വെൽഫയർ കമ്മിറ്റി :

സ്ഥലം :
തീയതി :

## അപേക്ഷയിൻമേലുള്ള തീരുമാനം

........................................................................ ന്റെ അപേക്ഷയും അനുബന്ധരേഖകളും പരിശോധിച്ചതിൽ ............................................... ക്ലാസ്സിൽ പഠിക്കുന്ന കുട്ടിക്ക് ഈ അദ്ധ്യായന വർഷം പ്രതിമാസം .................................... രൂപയുടെ ധനസഹായത്തിന് അർഹതയുണ്ട്. വരും വർഷങ്ങളിൽ പഠനം തുടരുന്നുണ്ടെങ്കിൽ പഠിക്കുന്ന ക്ലാസ്സ് അനുസരിച്ചുള്ള തുകയ്ക്കും അർഹനാണ്. പ്രസ്തുത തുക അനുവദിക്കുന്നു.

എക്സിക്യൂട്ടീവ് ഡയറക്ടർ
കേരള സാമൂഹ്യ സുരക്ഷാ മിഷൻ

# കേരള സാമൂഹ്യ സുരക്ഷാ മിഷൻ

## സ്നേഹപൂർവ്വം പദ്ധതി

**മാർഗ്ഗ നിർദ്ദേശങ്ങൾ :**

1. അപേക്ഷ പൂർണ്ണമായും പൂരിപ്പിച്ചിരിക്കണം. അപേക്ഷയിലെ ഒരു കോളവും പൂരിപ്പിക്കാതിരിക്കാൻ പാടുള്ളതല്ല.
2. അപേക്ഷയിൽ സ്കൂളിന്റെ പേരും സ്വഭാവവും പൂർണ്ണമായും നൽകിയിരിക്കണം. ചുരുക്കപ്പേർ നൽകിയ അപേക്ഷകൾ പരിഗണിക്കുന്നതല്ല.
3. അച്ഛനോ അമ്മയോ മരിച്ചുപോയ പ്രൊഫഷണൽ കോഴ്സടക്കമുള്ള ഡിഗ്രിതല കോഴ്സുകൾ വരെ പഠിക്കുന്ന കുട്ടികൾക്കാണ് പദ്ധതിയുടെ പ്രയോജനം ലഭ്യമാകുക. അച്ഛൻ നഷ്ടപ്പെട്ട കുട്ടികൾ രക്ഷകർത്താവിന്റെ കോളത്തിൽ അമ്മയുടെ പേരും, അമ്മ നഷ്ടപ്പെട്ട കുട്ടികൾ അച്ഛന്റെ പേരുമാണ് എഴുതേണ്ടത്. അച്ഛനും അമ്മയും നഷ്ടപ്പെട്ട കുട്ടികൾ മാത്രമേ രക്ഷകർത്താവിന്റെ കോളത്തിൽ കുട്ടിയെ സംരക്ഷിക്കുന്ന അടുത്ത ബന്ധുവിന്റെ പേര് എഴുതുവാൻ പാടുള്ളൂ. മരണപ്പെട്ടുപോയ അച്ഛന്റെയോ അമ്മയുടെയോ പേരും അപേക്ഷയിൽ ബന്ധപ്പെട്ട കോളത്തിൽ എഴുതേണ്ടതാണ്.
4. കേരള സാമൂഹ്യ സുരക്ഷാ മിഷൻ സൗത്ത് ഇന്ത്യൻ ബാങ്കിന്റെ തിരുവനന്തപുരം കോർപ്പറേറ്റ് ബ്രാഞ്ചിൽ ആരംഭിച്ചിട്ടുള്ള അക്കൗണ്ടിലൂടെ കോർബാങ്കിംഗ് വഴിയാണ് ധനസഹായം വിതരണം ചെയ്യുന്നത്. അതിനാൽ സമീപത്തുള്ള സൗത്ത് ഇന്ത്യൻ ബാങ്കിന്റെ ബ്രാഞ്ചുകളിലോ അല്ലെങ്കിൽ കോർബാങ്കിംഗ് സംവിധാനമുള്ള മറ്റ് ബാങ്കുകളിലോ കുട്ടിയുടെയും രക്ഷിതാവിന്റെയും പേരിൽ ജോയിന്റ് അക്കൗണ്ട് തുടങ്ങി ബാങ്ക് പാസ്സ് ബുക്കിന്റെ ഒന്നാം പേജിന്റെ ഫോട്ടോ കോപ്പി അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്യേണ്ടതാണ്. ഈ അക്കൗണ്ടിൽ എ റ്റി എം കാർഡ് വാങ്ങാൻ പാടുള്ളതല്ല. കുട്ടിയും രക്ഷിതാവും ചെക്കിൽ ഒപ്പിട്ടു നൽകി തുക പിൻവലിക്കുന്ന രീതിയിലുള്ള ബാങ്ക് അക്കൗണ്ടാണ് തുടങ്ങേണ്ടത്. ബാങ്ക് അക്കൗണ്ട് തുടങ്ങുമ്പോൾ ഈ മാർഗ്ഗ നിർദ്ദേശത്തിന്റെ കോപ്പി ബാങ്കിൽ നൽകേണ്ടതാണ്.
5. അപേക്ഷകൾ അയക്കുന്ന കവറിൽ " സ്നേഹപൂർവ്വം പദ്ധതിക്കുള്ള അപേക്ഷ" എന്നും ജില്ലയും വ്യക്തമായി എഴുതണം. കൂടാതെ അപേക്ഷകന്റെ പേരും മേൽവിലാസവും വ്യക്തമായി കവറിന്റെ പുറത്ത് എഴുതണം.
6. അപേക്ഷയോടൊപ്പം ചേർക്കേണ്ട രേഖകളുടെ പകർപ്പ് ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തേണ്ടതാണ്.
7. പൂരിപ്പിച്ച അപേക്ഷകൾ താഴെ പറയുന്നതു പ്രകാരം അയയ്ക്കേണ്ടതാണ്. കാസർഗോഡ്, കണ്ണൂർ, മലപ്പുറം, വയനാട്, കോഴിക്കോട് ജില്ലകളിലെ അപേക്ഷകൾ റീജിയണൽ ഡയറക്ടർ, കേരള സാമൂഹ്യ സുരക്ഷാ മിഷൻ റീജിയണൽ ആഫീസ്, സിവിൽ സ്റ്റേഷൻ, കോഴിക്കോട് എന്ന വിലാസത്തിലും മറ്റു ജില്ലകളിലുള്ള അപേക്ഷകൾ എക്സിക്യൂട്ടീവ് ഡയറക്ടർ, കേരള സാമൂഹ്യ സുരക്ഷാ മിഷൻ, രണ്ടാംനില, വയോജന പകൽ പരിപാലന കേന്ദ്രം, പൂജപ്പുര, തിരുവനന്തപുരം – 12 എന്ന വിലാസത്തിലും അയയ്ക്കേണ്ടതാണ്.
8. ആധാർ കാർഡിന്റെ രജിസ്ട്രേഷൻ നമ്പർ ഉള്ളടക്കം ചെയ്തിരിക്കണം. ആധാർ ലഭിച്ചിട്ടില്ലെങ്കിൽ രജിസ്ട്രേഷൻ ചെയ്തതിന്റെ പകർപ്പ് സാക്ഷിപ്പെടുത്തി ഉള്ളടക്കം ചെയ്യുക.
9. സ്നേഹപൂർവ്വം പദ്ധതി ആനുകൂല്യം വരും വർഷങ്ങളിലും തുടർന്ന് ലഭിക്കേണ്ടതിന് ഓരോ അദ്ധ്യായന വർഷത്തിന്റെയും ആരംഭത്തിൽ ഈ പേജിന്റെ മറുവശത്തുള്ള സർട്ടിഫിക്കറ്റ് പൂരിപ്പിച്ച് പഠിക്കുന്ന വിദ്യാഭ്യാസ സ്ഥാപനത്തിന്റെ മേധാവിയെക്കൊണ്ട് സാക്ഷ്യപ്പെടുത്തി മിഷന്റെ തിരുവനന്തപുരത്തെ ആസ്ഥാന ഓഫീസിലേക്ക് അയക്കേണ്ടതാണ്.

**താഴെ പറയുന്ന രേഖകളുടെ ഗസറ്റഡ് ഓഫീസർ/ സ്ഥാപന മേധാവി സാക്ഷിപ്പെടുത്തിയ പകർപ്പ് അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്തിരിക്കണം.**

1. മരിച്ചുപോയ രക്ഷിതാവിന്റെ മരണ സർട്ടിഫിക്കറ്റിന്റെ പകർപ്പ്.
2. ബാങ്ക് പാസ്ബുക്കിൽ കുട്ടിയുടെ പേരും മേൽവിലാസവും, ബാങ്കിന്റെ മേൽവിലാസവും, IFSC കോഡും അടങ്ങിയ പേജുകളുടെ പകർപ്പ്.
3. ആധാർ കാർഡിന്റെ പകർപ്പ്. (ആധാർ കാർഡ് ലഭിച്ചിട്ടില്ലാത്തവർ ആധാർ രജിസ്ട്രേഷൻ ചെയ്തതിന്റെ സ്ലിപ്പിന്റെ കോപ്പി)
4. വരുമാന സർട്ടിഫിക്കറ്റ് (ഒറിജിനൽ) അല്ലെങ്കിൽ ബി.പി.എൽ സർട്ടിഫിക്കറ്റിന്റെ/ബി.പി.എൽ റേഷൻ കാർഡിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്.

**തുടർന്നുള്ള ഓരോ അദ്ധ്യായന വർഷത്തിന്റെയും പ്രാരംഭത്തിൽ അയച്ചു തരേണ്ട സർട്ടിഫിക്കറ്റ്**

രജിസ്റ്റർ നം :

പേര് :

വിദ്യാഭ്യാസ സ്ഥാപനത്തിന്റെ പേര് :

വിദ്യാഭ്യാസ സ്ഥാപനത്തിന്റെ സ്വഭാവം :

പഠിക്കുന്ന ക്ലാസ്സ് :

കഴിഞ്ഞ അദ്ധ്യായന വർഷത്തിൽ പഠിച്ച വിദ്യാഭ്യാസ സ്ഥാപനം :

പഠിച്ചിരുന്ന ക്ലാസ്സ് :

കുട്ടിയുടെ ഒപ്പ് / വിരലടയാളം

രക്ഷിതാവിന്റെ ഒപ്പ്/ വിരലടയാളം

ഈ സ്ഥാപനത്തിൽ ലഭ്യമായ രേഖകൾ വച്ച് മേൽ രേഖപ്പെടുത്തിയ വിവരങ്ങൾ വാസ്തവമാണെന്ന് സാക്ഷ്യപ്പെടുത്തുന്നു. ഈ സ്ഥാപനം ഗവൺമെന്റ്/ എയ്ഡഡ്/അൺഎയ്ഡഡ് വിഭാഗത്തിൽപെടുന്നു.

സ്ഥാപനമേധാവിയുടെ പേരും ഒപ്പും